(10) പ്രൊഫഷണൽ വിദ്യാലയങ്ങളിലെ എസ്.സി./എസ്.ടി വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. പി.കെ. കുമാരൻ : സർ, കേരളത്തിലെ പ്രൊഫഷണൽ കോളേജുകളിലും മെഡിക്കൽ, എഞ്ചിനീയറിംഗ് വിഭാഗങ്ങളിലുമായി പഠിക്കുന്ന പട്ടിക ജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് ബഹുമാനപ്പെട്ട ഗവണ്മെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്. ഈ ഗവണ്മെന്റ് അധികാരത്തിൽവന്നതിനുശേഷം ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രൈമറി, യു.പി., ഹൈസ്കൂൾ, പോസ്റ്റ് മെട്രിക് എന്നീ മേഖലകളിലായി 15 രൂപ മുതൽ ഏതാണ്ട് 120 രൂപ വരെയുള്ള വർദ്ധനവ് വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ ഈ ഗവണ്മെന്റ് വരുത്തിയിട്ടുണ്ട്. അതുമാത്രമല്ല, ഈ വിഭാഗങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഒട്ടേറെ ഇൻസെന്റീവ് നൽകാനും തീരുമാനിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷമാണെങ്കിൽ എസ്.എസ്.എൽ.സി.ക്ക് പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ ഏർപ്പെടുത്തുകയുണ്ടായി. എന്നാൽ ഞാൻ നേരത്തെ സൂചിപ്പിച്ച മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങി മറ്റു പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചില്ല. 1994-ലാണ് സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചത്. അതിനുശേഷം ജീവിതസാഹചര്യങ്ങൾ വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. കേന്ദ്രഗവണ്മെന്റിന്റെ സാമ്പത്തിക നയനടപടിയുടെ ഫലമായി ജീവിതത്തോത് വർദ്ധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ജീവിതബുദ്ധിമുട്ടുകൾ ഏറുകയും ചെയ്തിട്ടുണ്ട്. ഈ കാര്യങ്ങളിൽ വേണ്ടത്ര പരിഗണന ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല. ഇപ്പോൾ ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. തീർച്ചയായും പ്രൊഫഷണൽ കോളേജുകളിലും മെഡിക്കൽ, എഞ്ചിനീയറിംഗ് വിഭാഗങ്ങളിലുമൊക്കെ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവണ്മെന്റിനോടും ഞാൻ വിനീതമായി അപേക്ഷിക്കുന്നു.

പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ഒറ്റ വാക്കിലാണ് ഉത്തരം പറയുന്നത്. കേരളത്തിലെ മെഡിക്കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷണൽ കോളേജുകളിലെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സ്റ്റൈപന്റും ലംപ്സംഗ്രാന്റും മറ്റു വിദ്യാഭ്യാസാനുകൂല്യങ്ങളും വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(11) കൊച്ചി നഗരത്തിലേയും സമീപപ്രദേശങ്ങളിലേയും കുടിവെള്ള വിതരണത്തിലുണ്ടായ സ്തംഭനാവസ്ഥ

ശ്രീ. കെ.ബാബു : സർ, കഴിഞ്ഞ പത്തു ദിവസമായി കൊച്ചി നഗരത്തിലും തൃപ്പൂണിത്തുറ, മരട്, കുമ്പളങ്ങി, ചെല്ലാനം, കൊച്ചിൻ നേവി തുറമുഖം, ഷിപ്പ്യാർഡ്, മുളവുകാട്, കടമക്കുടി, വൈപ്പിൻ, കളമശ്ശേരി, തൃക്കാക്കര പ്രദേശങ്ങളിലും ആലുവാ, പറവൂർ മുനിസിപ്പൽ പ്രദേശങ്ങളിലും കുടിവെള്ളം മുടങ്ങി. ശുദ്ധജലമില്ലാതെ നഗരത്തിൽ ചെറുകിട ഹോട്ടലുകൾ പ്രവർത്തിച്ചില്ല. വലിയ ഹോട്ടലുകളിൽ ടാങ്കർ ലോറികളിലാണ് വെള്ളം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവന്നത്. പ്രാഥമിക കൃത്യങ്ങൾക്കുപോലും വെള്ളം കിട്ടാതെ ജനങ്ങൾ വലഞ്ഞു. ഗുരുതരമായ ജലക്ഷാമം ബാധിച്ചതുമൂലം ആളുകൾക്ക് വീടിനുപുറത്ത് ഇറങ്ങാൻ കഴിഞ്ഞില്ല. ആശുപത്രികളെയും റെയിൽവേസ്റ്റേഷനുകളെയും ബസ്സ് സ്റ്റാന്റുകളെയും പൊതുമേഖലാസ്ഥാപനങ്ങളെയും ഇത് ബാധിച്ചു. ലോഡ്ജുകളിലും ഹോസ്റ്റലുകളിലും താമസിക്കുന്നവർ വലഞ്ഞു. ആലുവാ പമ്പ് ഹൗസിലെ പൈപ്പ് പൊട്ടലും ട്രാൻസ്ഫോർമർ തകരാറും, പ്ലാന്റുകൾ പ്രവർത്തിക്കാത്തതുമാണ് ഇതിനു കാരണം. ഈ ഗുരുതരമായ പ്രശ്നത്തിൽ ഉദ്യോഗസ്ഥന്മാർ പരസ്പരം പഴിചാരി ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയാണ്. ഇതുസംബന്ധിച്ച് രണ്ടുമൂന്ന് പത്രങ്ങളിൽ വാർത്ത വന്നിട്ടുണ്ട്. അതിന്റെ തലക്കെട്ടുമാത്രം ഞാൻ വായിക്കാം. ദേശാഭിമാനിയിലെ വാർത്ത ഇതാണ്. 'കൊച്ചിയിലും പരിസരപ്രദേശങ്ങളിലും ജലവിതരണം താറുമാറായി'. കൊച്ചി മേഖലയിൽ തിങ്കളാഴ്ച ജലവിതരണം പൂർണ്ണമായും മുടങ്ങി. നാലുദിവസത്തിനകം ഇത് മൂന്നാംതവണയാണ് ജലവിതരണം മുടങ്ങുന്നത്. ''കുടിവെള്ളക്ഷാമത്തിനു പിന്നിൽ വാട്ടർ അതോറിറ്റിയുടെ അനാസ്ഥ''. കൊച്ചിൻ കോർപ്പറേഷൻ സമരം ചെയ്യുമെന്ന് മേയർ, പമ്പിംഗ് പുനരാരംഭിച്ചുവെങ്കിലും ജലവിതരണം പൂർണ്ണമായും നടത്തിതുടങ്ങിയില്ല- മനോരമ' പമ്പിംഗ് തുടങ്ങിയിട്ടും ജലക്ഷാമം ശമിച്ചില്ല - മാതൃഭൂമി. കഴിഞ്ഞ ഒരാഴ്ചയായി കൊച്ചി നഗരത്തിലെ എല്ലാ പത്രങ്ങളിലും ദിവസവും ഈ വാർത്തകൾ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുകയാണ്. ജനങ്ങൾ കുടിവെള്ളമില്ലാതെ വലയുകയാണ്. ഞാൻ മിനിഞ്ഞാന്ന് ഈ പ്രശ്നം ബഹുമാനപ്പെട്ട മന്ത്രിയുടെ മുൻപിൽ അവതരിപ്പിക്കാൻ ശ്രമിച്ചു. ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി ഒരു മഹാനായതുകൊണ്ട് അത് പരിശോധിക്കാമെന്നുപോലും പറഞ്ഞില്ല. കൊച്ചിയിലെ പ്രശ്നം വളരെ ഗുരുതരമാണ്. കുടിവെള്ള വിതരണം പൂർണ്ണമായ തോതിൽ പുന:സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കണം. പൊട്ടിയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിന് അടിയന്തിരമായി പണം അനുവദിക്കണം. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഗവണ്മെന്റ് എല്ലാ നടപടികളും സ്വീകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രിക്കുവേണ്ടി പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : കേരള വാട്ടർ അതോറിറ്റി ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടുകൂടി പശ്ചിമകൊച്ചി വൈപ്പിൻ മേഖലയ്ക്കുവേണ്ടി 28.5 കോടി രൂപ മതിപ്പ് ചെലവു വരുന്ന കൊച്ചി ശുദ്ധജലവിതരണപദ്ധതിയുടെ ഇടക്കാല വിപുലീകരണ പദ്ധതി നടപ്പാക്കി വരുന്നു. ഇതു പൂർത്തിയാകുമ്പോൾ കൊച്ചിയിലെ ശുദ്ധജലക്ഷാമത്തിന് ഒരളവു വരെ പരിഹാരം കാണാൻ കഴിയും. ആലുവയിലെ നമ്പർ-3 പ്ലാന്റിൽനിന്നും 42 പമ്പിംഗ് മെയിനിലേക്ക് കണക്ഷൻ കൊടുത്തിരിക്കുന്നത് glass re-inforced plastic pipe ആണ്. ഈ പൈപ്പിൽ ഇതിനുമുമ്പ് രണ്ടു പ്രാവശ്യം വിള്ളലുണ്ടായിട്ടുണ്ട്. പരീക്ഷണാർത്ഥം കേരളത്തിൽ ആലുവാ ഫെഡ് വർക്സിൽ മാത്രമേ ഇത് ഉപയോഗിച്ചിട്ടുള്ളൂ. ഇതു നന്നാക്കണമെങ്കിൽ വിള്ളൽ വീണ ഭാഗത്ത് ഒട്ടും ജലാംശം പാടില്ല. ഈ മാസം 1-ാം തീയതി വിള്ളൽ കാണുകയും ഉടൻതന്നെ ആ ഭാഗത്തുള്ള മണ്ണും കോൺക്രീറ്റും മാറ്റി വിള്ളൽ ഒട്ടിക്കുകയും ചെയ്തു. എന്നാൽ വിശദമായ പരിശോധനയിൽ രണ്ടു മൂന്നു വിള്ളൽ കൂടി കാണുകയുണ്ടായി. ഇതെല്ലാം ഒട്ടിച്ച് 4-ാം തീയതി രാത്രി ഒൻപതു മണിക്ക് പമ്പിംഗ് പുനഃസ്ഥാപിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ റിപ്പയർ ചെയ്തുകൊണ്ടിരുന്ന സമയത്തും ഒന്നും രണ്ടും നമ്പർ പ്ലാന്റ് പൂർണ്ണമായും പ്രവർത്തിച്ചിരുന്നതിനാൽ ജി.സി.ഡി.എ.യിൽ ഭാഗികമായി മാത്രമേ ജലവിതരണം മുടങ്ങിയിട്ടുള്ളൂ. ഹഡ്കോ പദ്ധതി ചാർജ്ജ് ചെയ്ത് 1200 എം.എം.സ്റ്റീൽ പൈപ്പിട്ടു മൂന്നാം നമ്പർ പ്ലാന്റിന്റെ പമ്പിംഗ് പ്രത്യേകമാക്കുക എന്നുള്ളതാണ് ഇതിന് ശാശ്വതമായ പരിഹാരം. ഈ പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് നടന്നുകൊണ്ടിരിക്കുകയാണ്. സ്ഥലം ലഭിച്ചു കഴിഞ്ഞാൽ ഉടൻ എല്ലാ നടപടികളും പൂർത്തീകരിച്ച് ശുദ്ധജലവിതരണം എത്രയും വേഗം നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(12) ജോയിന്റ് ആർ.ടി. ഓഫീസുകളിലും ലേണേഴ്സ് ലൈസൻസിന് എഴുത്തു പരീക്ഷ നടത്തുന്നതിനുള്ള സംവിധാനം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി.കെ നാണു : എം.വി.ആക്ട് അനുസരിച്ച് ലേണേഴ്സ് ലൈസൻസ് കിട്ടാൻ ജില്ലാ ആസ്ഥാനങ്ങളിൽ മാത്രമാണ് എഴുത്തുപരീക്ഷ നടത്തുന്നത്. ജില്ലാ ആസ്ഥാനങ്ങളിൽ രാവിലെ എത്തിച്ചേരാൻ പലർക്കും കഴിയാതെ വരുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം മാത്രം ആർ.ടി. ഓഫീസുകളിൽ നടത്തുന്ന പരീക്ഷ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു. ഉദാഹരണത്തിന് കോഴിക്കോടു ജില്ലയിൽ വടകരയിലും കൊടുവള്ളിയിലുമായി രണ്ട് ജോയിന്റ് ആർ.ടി.ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം ജോയിന്റ് ആർ.ടി.ഓഫീസിൽ എഴുത്തു പരീക്ഷ നടത്തുന്ന അവസരത്തിൽ ജോയിന്റ് ആർ.ടി.ഒ.യും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ഈ പരീക്ഷ നടത്തുന്ന ദിവസം കോഴിക്കോട് ആർ.ടി. ഓഫീസിൽ എത്തിച്ചേരുന്നു. ഇതുപോലെയായിരിക്കും കേരളത്തിലെ എല്ലാ ജില്ലകളിലും. ഈ പരീക്ഷ നടത്തുന്ന ദിവസം ആർ.ടി.ഓഫീസുകളിലേക്ക് ജോയിന്റ് ആർ.ടി.ഒ.യും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും ചെല്ലുന്നു. അപ്പോൾ സ്വാഭാവികമായും ആ ദിവസങ്ങളിൽ ജോയിന്റ് ആർ.ടി. ഓഫീസിൽ ജോയിന്റ് എം.വി.ഐ.യും ചെയ്യേണ്ട ജോലികൾ മുടങ്ങി കിടക്കും. കുറച്ചു സമയം മാത്രമേ എഴുത്തു പരീക്ഷ നടക്കുന്നുള്ളൂ. ജോയിന്റ് ആർ.ടി.ഓഫീസുകളിലേക്ക് നിശ്ചയിച്ചിരിക്കുന്ന പരീക്ഷ നടത്താൻ തീരുമാനിച്ചാൽ സ്വാഭാവികമായും കോഴിക്കോട്ടാണെങ്കിൽ തൊട്ടിൽപാലത്തുനിന്നും ആളുകൾ അരമണിക്കൂർ എഴുത്തു പരീക്ഷ നടത്താൻവേണ്ടി തലേ ദിവസം വന്ന് റൂം എടുത്ത് കോഴിക്കോട് നഗരത്തിൽ താമസിക്കേണ്ട അവസ്ഥ ഒഴിവാക്കാൻ സാധിക്കും. കാരണം ജോയിന്റ് ആർ.ടി.ഒ.യും മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടറും സ്വാഭാവികമായും ഇത് പരിശോധിക്കുന്നുണ്ട്. അതുകൊണ്ട് ജോയിന്റ് ആർ.ടി.ഓഫീസിൽ ഇത് നടത്താൻ സാധിക്കും. ഉദ്യോഗസ്ഥന്മാരില്ല സ്റ്റാഫില്ല എന്നു പറയുന്ന പ്രശ്നവും ഇല്ലാതാകും. കാരണം ആർ.ടി.ഓഫീസിൽ പരീക്ഷ നടക്കുമ്പോൾ ജോയിന്റ് ആർ.ടി.ഓഫീസിലെ സ്റ്റാഫാണ് അവിടെ വന്ന് പരിശോധിക്കുന്നത് അതുകൊണ്ട് അടിയന്തിരമായി ജോയിന്റ് ആർ.ടി.ഓഫീസുകളിൽ പരീക്ഷ നടത്താനുള്ള സംവിധാനം ഏർപ്പെടുത്താനുള്ള നടപടിയുണ്ടാകണമെന്ന് അപേക്ഷിക്കുന്നു.

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) : ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് അഴിമതി രഹിതവും കാര്യക്ഷമവും സുതാര്യവുമായ രീതിയിൽ നടത്തുന്നതിനുവേണ്ടി എഴുത്തു പരീക്ഷ നടത്താൻ തീരുമാനിച്ചു. അതനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുന്നതിനും